# നോട്ടീസ്

നം: CEIA/1219/2026-IC5

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം.
തീയതി: 25-02-2026

വിഷയം :- ജലസേചനം-ജീവനക്കാര്യം-ശ്രീമതി.ഉഷ .ടി, ഓഫീസ് അറ്റെൻഡൻറ്, ശ്രീമതി.ജിജി എം .കെ ഓഫീസ് അറ്റെൻഡൻറ് - എന്നിവരുടെ സീനിയോരിറ്റി പുനഃസ്ഥാപിക്കുന്നത് -സംബന്ധിച്ച്.

സൂചന:-

1) ഐസി5-70544/2022 തീയതി: 21.05.2024 നമ്പർ ഉത്തരവ്
2) ശ്രീമതി.ഉഷ .ടി, യുടെ 19.06.2024 ലെ അപേക്ഷ
3) ശ്രീമതി.ജിജി എം .കെ യുടെ 06.06.2024 ലെ അപേക്ഷ
4) 21.08.2025 തീയതിയിലെ ഐ സി 5-2620/2024 നമ്പർ കത്ത്
5) 30.01.2026 തീയതിയിലെ സർക്കാർ കത്ത് നമ്പർ. എ2/206/2025/ജവിവ

സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച, ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ക്ലാർക്ക് തസ്തികയിലെ 10% ഒഴിവുകളിൽ തസ്തികമാറ്റ നിയമനം നൽകുന്നതിനായുള്ള കോഴിക്കോട് ജില്ലാതല മുൻഗണനാപട്ടികയിൽ (Appendix-11) ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ഉഷ.ടി, ഓഫീസ് അറ്റെൻഡൻറ്(ക്രമനം. 52), ശ്രീമതി.ജിജി എം .കെ, ഓഫീസ് അറ്റെൻഡൻറ്(ക്രമനം. 53) എന്നിവരുടെ സീനിയോരിറ്റി പുനഃക്രമീകരിക്കുന്നതുമായി ബന്ധപെട്ട് സൂചന 2,3 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയും,അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ആയത് പരിഗണിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി.ഉഷ .ടി 21.03.2019 തീയതിയിലെ കോഴിക്കോട്, ജില്ലാ പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസറുടെ ഡി2-2/50002/2018(7) നമ്പർ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ 27.04.2019 പൂർവ്വാഹ്നത്തിലും ശ്രീമതി.ജിജി എം .കെ 20-04.2019 തീയതിയിലെ കോഴിക്കോട് ,ജില്ലാ പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസറുടെ ഡി2-2/50002/2018(2) നമ്പർ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ 17.05.2019 പൂർവ്വാഹ്നത്തിലും എറണാകുളം ജില്ലയിലെ

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡൻറ് തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചു.

ശ്രീമതി.ഉഷ .ടി ഈ കാര്യാലയത്തിലെ 29.11.2019-ലെ ബി 6-21617/2015(1) നമ്പർ ഉത്തരവ് പ്രകാരം അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ചതിനെ തുടർന്ന് കോഴിക്കോട് പി .ഡബ്ല്യൂ .ഡി മെക്കാനിക്കൽ ഡിവിഷൻ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 11.12.2019 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ശ്രീമതി.ജിജി എം .കെ ഈ കാര്യാലയത്തിലെ 20.12.2019-ലെ ബി 6-21617/2015(2) നമ്പർ ഉത്തരവ് പ്രകാരം അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ചതിനെ തുടർന്ന് കോഴിക്കോട് പി .ഡബ്ല്യൂ .ഡി മെക്കാനിക്കൽ സബ് ഡിവിഷൻ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 24.12.2019 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടി ജീവനക്കാർ പ്രസ്തുത തസ്തികയിലെ പരിവീക്ഷാ കാലാവധി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ട് . മേൽ സാഹചര്യത്തിൽ ടി ജീവനക്കാർക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകുന്നതിനായി 31-12-2022 വരെയുള്ള സംയോജിത മുൻഗണനാപട്ടികയിൽ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ ലഭിച്ച അഡ്വൈസ് തീയതി പ്രകാരം സീനിയോരിറ്റി നൽകാമോ എന്നതിനെ സംബന്ധിച്ചു സൂചന (4) പ്രകാരമുള്ള അപേക്ഷയിൽ സർക്കാരിൽ നിന്നും സൂചന (5) പ്രകാരം സ്പഷ്ടീകരണം ലഭ്യമായിട്ടുണ്ട്.

സൂചന (5) അടിസ്ഥാനത്തിൽ ശ്രീമതി.ഉഷ. ടി, ശ്രീമതി.ജിജി.എം .കെ എന്നിവരുടെ സീനിയോരിറ്റി മേൽ തസ്തികയിലെ ആദ്യ നിയമനത്തിനുള്ള അഡ്വൈസ് പ്രാബല്യ തീയതിമുതൽ പുനഃക്രമീകരിക്കാവുന്നതാണ്. നിലവിൽ ടി ജീവനക്കാരുടെ സീനിയോരിറ്റി സൂചന(1) പ്രകാരമുള്ള ജില്ലാതല അന്തിമ മുൻഗണനാ പട്ടികയിൽ, കോഴിക്കോട് ജില്ലയിൽ(Appendix-11) യഥാക്രമം ക്രമ നം. 56,57 ആയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ സൂചന (5) പ്രകാരം ടി ജീവനക്കാരുടെ ക്രമ നം. 52,53 ആയി പുനഃക്രമീകരിക്കാവുന്നതാണ്. ഇതിൻപ്രകാരം ക്രമ നം:52 മുതൽ 57 വരെ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സീനിയോരിറ്റി താഴെ പറയും പ്രകാരം പുനഃ ക്രമീകരിച്ചു ഉത്തരവാകാവുന്നതാണ്.

ക്രമ നം: 52- ഉഷ.ടി (പെൻ:860685)

ക്രമ നം: 53- ജിജി .എം .കെ (പെൻ:861960)

ക്രമ നം: 54- നഹാസ്.കെ .കെ (പെൻ:876040)

ക്രമ നം: 55- അബൂബക്കർ.കെ (പെൻ:476223)

ക്രമ നം: 56- രതീഷ് ബാലകൃഷ്ണൻ.കെ (പെൻ:877648)

ക്രമ നം: 57- അവിനാഷ് നെഹ്റു .ആർ (പെൻ:877325)

ഇതിന്മേൽ പരാതിയോ ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ടി തിയതിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലായെങ്കിൽ ശ്രീമതി.ഉഷ .ടി, ശ്രീമതി.ജിജി എം

.കെ എന്നിവരുടെ പേര് പ്രസ്തുത മുൻഗണനാ പട്ടികയിൽ ക്രമനമ്പർ **52,53** ആയി ഉൾപ്പെടുത്തുന്നതാണ്.

വിശ്വസ്തതയോടെ

Digitally signed by
Beena P S
Date: 25-02-2026
16:26:49

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ